**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*245 07.02.2018 ൽ മറുപടി നൽകേണ്ടത്.

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ്</th><th colspan="2">ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായത് എന്നാണ്; വ്യക്തമാക്കുമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ടുകൂടി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.</td></tr>
<tr><td>(ബി)</td><td>ഇപ്രകാരം എയ്ഡഡ് പദവി നല്കപ്പെട്ട സ്പെഷ്യൽ സ്കൂളുകളിൽ നിലവിലെ മാനദണ്ഡപ്രകാരം ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് ഇതിനോടകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ